**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **29-01-2024 - ൽ മറുപടിയ്ക്ക്**

**വെൺപകൽ ആശുപത്രി ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിന്റെ 61 % ത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. Super Structure ന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനു എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബി ഫണ്ടും എം.എൽ.എ ആസ്തി വികസന ഫണ്ടും ചേർത്ത് Rs.1,75,96,748/- (ഒരു കോടി എഴുപത്തിയഞ്ചു ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) രൂപയാണ് അനുവദിച്ചിട്ടുളളത്. |
| (സി) | പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ SPV ആയി നിശ്ചയിച്ചത് KMSCL-നെ ആണ്. പദ്ധതിയുടെ നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയാണ് ചുമതലപ്പെട്ട ത്തിയിരിക്കുന്നത്. |
| (ഡി) | നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കുമോ? | (ഡി) | കരാർ കാലാവധി 30.11.2022-ൽ അവസാനിച്ചിരുന്നു. തുടർന്ന് 07.11.2023 വരെ കരാർ നീട്ടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാർ വീണ്ടും നീട്ടി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ